(ഡി) റവന്യൂ വകുപ്പിന്റെ അനുമതി ആവശ്യമാണ്. കാരണം പട്ടയം നൽകുന്നത് അതാത് വില്ലേജ് ആഫീസർമാരാണ്. കൂടാതെ ഏത് വകുപ്പിന്റെ ഭൂമിയിലാണോ വൃക്ഷത്തൈ നടപ്പിലാക്കുന്നത് ആ വകുപ്പിന്റെ അനുമതി വേണം.

സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 25/95/വനം. തീയതി 20-6-1995 പ്രകാരം ഇതിനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതിന്റെ കോപ്പി അനുബന്ധമായി വച്ചിരിക്കുന്നു. †

അട്ടപ്പാടി മേഖലയിലെ, വിഷലിപ്തമായ നീരുറവകൾ

*7 [157] *ശ്രീ. പി. ടി. തോമസ്:*
,, ബി. വിജയകുമാർ:
,, കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനപ്രദേശത്ത് കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് എൻഡോസൾഫാനും അതുപോലുള്ള അപകടകരമായ കീടനാശിനികളും തളിക്കുന്നുണ്ടോ;

(ബി) ഇതുമൂലം നീരുറവകൾ വിഷലിപ്തമായിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) അട്ടപ്പാടി വനപ്രദേശത്ത് കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ മുതലായ കീടനാശിനികൾ തളിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് സർക്കാർ എടുത്ത കേസ്സുകൾ

8 [158] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെറോയിൻ ഉൾപ്പെടെയുള്ള മയക്കുമരുന്ന് കള്ളക്കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ പിടിച്ചിട്ടുണ്ടെന്നും;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എത്ര രൂപ വില മതിക്കുന്ന മയക്കുമരുന്നുകളാണ് കസ്റ്റഡിയിലെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) മയക്കുമരുന്നിന്റെ ഉപയോഗം കേരളത്തിൽ വർദ്ധിച്ചുവരുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കുട്ടികളെ മയക്കുമരുന്ന് വിൽപ്പനയിലെ കണ്ണികളാക്കുന്നത് തടയാൻ കാമ്പസ്സുകളിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മയക്കുമരുന്ന് കള്ളക്കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എക്സൈസ് വകുപ്പ് 134 കേസ്സുകൾ കണ്ടുപിടിക്കുകയുണ്ടായി. ഉദ്ദേശം 88,63,360 രൂപ വിലമതിക്കുന്ന മയക്കുമരുന്നുകൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് ഫീൽഡ് യൂണിറ്റുകൾക്ക് കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സൈസ് ഇന്റലിജൻസിന്റെ സേവനം ഉപയോഗപ്പെടുത്തി വ്യാപകമായ റെയിഡുകൾ നടത്തിവരുന്നു. കോളേജ്, സ്കൂൾ, റെയിൽവേ സ്റ്റേഷൻ പരിസരങ്ങൾ പ്രത്യേക ശ്രദ്ധാപരിധിയിൽ വരുത്തിയിട്ടുണ്ട്.

(സി) തിരഞ്ഞെടുത്ത സ്കൂൾ, കോളേജ് തലത്തിൽ പരിചയസമ്പന്നരായ ആൾക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് മയക്കുമരുന്നിനെതിരായ ക്ലാസുകളും, എക്സിബിഷനുകളും നടത്തിവരുന്നുണ്ട്.

(ഡി) എക്സൈസ് വകുപ്പിൽ, എല്ലാ ജില്ലകളിലും ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് മയക്കുമരുന്നിനെതിരായ പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇടുക്കി, അട്ടപ്പാടി മേഖലകൾ കേന്ദ്രീകരിച്ച് കഞ്ചാവ് കൃഷിക്കെതിരായി വൻതോതിൽ വനം വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും, എക്സൈസ് വകുപ്പിന്റെയും സംയുക്ത റെയിഡുകൾ നടത്തിവരുന്നു. കോളേജ് പരിസരങ്ങളിലുള്ള പെട്ടിക്കടകൾ, ഐസ്ക്രീം പാർലറുകൾ, ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ ശക്തമായ റെയിഡുകൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly